**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2742** **17-03-2022 - ൽ മറുപടിയ്ക്ക്**

**റിസ്ക് ഫണ്ട് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ | | null<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത ശേഷം മരണപ്പെടുന്നവർക്ക് റിസ്ക് ഫണ്ട് പ്രകാരം എത്ര തുക വരെയാണ് ഒഴിവാക്കി നൽകുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തുക ലഭിക്കുന്നതിന് നിലവിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വായ്പക്കാരൻ മരണപ്പെട്ടാൽ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി പ്രകാരം അന്നേ ദിവസം ബാക്കി നിൽപ്പുള്ള വായ്പ മുതലിൽ പരമാവധി രണ്ട് ലക്ഷം രൂപയും, വായ്പ എടുത്ത ശേഷം മാരക രോഗം പിടിപെടുകയും വായ്പ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരുന്നതുമായ വായ്പക്കാർക്ക് വായ്പ ബാക്കി നിൽപ്പ് മുതലിനത്തിൽ പരമാവധി ചികിത്സ ധനസഹായമായി ഒരുലക്ഷം രൂപയും അനുവദിച്ചു വരുന്നു. റിസ്ക് ഫണ്ട് അപേക്ഷകളിൽ തീരുമാനം എടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് കഴിയുന്നത്ര വേഗത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | നടപടികൾ ലളിതമാക്കി പ്രസ്തുത തുക അടിയന്തരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കാമോ; | (ബി) | റിസ്ക് ഫണ്ട് അപേക്ഷകളിൽ തീരുമാനം എടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി കഴിയുന്നത്ര വേഗത്തിൽ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അപേക്ഷകനു ഓൺലൈനായി അപേക്ഷ സമർപ്പിച്ച് സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിനുള്ള സോഫ്റ്റ് വെയർ സംവിധാനം ബോർഡിൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. കൂടാതെ കൂടുതൽ ജീവനക്കാരെ നിയോഗിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. |
| (സി) | കോവിഡ് സാഹചര്യത്തിലും മറ്റ് അസുഖങ്ങൾ മൂലവും ആറ് മാസത്തിനകം തുക അടയ്ക്കാൻ കഴിയാതെ വായ്പക്കാരൻ മരണപ്പെടുന്ന സാഹചര്യത്തിൽ റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കാത്ത തരത്തിലുള്ള നിലവിലെ ചട്ടത്തിൽ ഇളവ് നൽകാൻ നടപടി സ്വീകരിക്കാമോ? | (സി) | കോവിഡ് സാഹചര്യത്തിലും മറ്റ് അസുഖങ്ങൾ മൂലവും ആറ് മാസത്തിനകം തുക അടയ്ക്കാൻ കഴിയാതെ വായ്പക്കാരൻ മരണപ്പെടുന്ന സാഹചര്യത്തിൽ റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കാത്ത സാഹചര്യം ഇല്ല. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വായ്പയെടുത്ത |

| | | | |
|---|---|---|---|
| | | | ശേഷം മരണമടയുന്ന വായ്പാക്കാരന് ബോർഡിൽ നിന്നും ധനസഹായം അനുവദിക്കുമ്പോൾ റിസ്ക്ക് ഫണ്ട് നിയമാവലി ഖണ്ഡിക 4(ബി) പ്രകാരം കണക്കാക്കുന്ന കുടിശ്ശിക നിബന്ധനയിൽ നിന്നും 01.03.2020 മുതൽ 31.08.2020 വരെയുള്ള ആറ് മാസ മൊറട്ടോറിയം കാലയളവ് ബോർഡ് തീരുമാന പ്രകാരം ഇളവ് അനുവദിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ